# പതിമൂന്നു ഭാര്യമാർ

## സ്റ്റീവെൻ മിൽഹൌസെർ

**(വിവർത്തനം: പ്രൊഫസ്സർ കുഞ്ഞാപ്പു, D.Sc., Ph.D.)**

## ഭാഗം 5/6

മുൻഭാഗങ്ങൾക്കുള്ള ലിങ്കുകൾ ഒടുവിൽ

## 10

നിത്യമായ സാന്ധ്യരാഗത്തിൽ അടഞ്ഞ കർട്ടനുകൾക്കുള്ളിൽ മരുന്നുമണം പരക്കവെ, കത്തിയൊടുങ്ങുന്ന എന്റെ പത്താമത്തെ ഭാര്യയെ ഞാൻ സന്ദർശിക്കുന്നു. അവളുടെ കവിളുകൾ ചുവന്നു തുടുത്തിരിക്കുന്നു. കണ്ണുകളിൽ അസ്വാഭാവിക തിളക്കം. ഇരുണ്ട വിരിപ്പിൽ അവളുടെ വിളറിയ കൈത്തണ്ടയ്ക്ക് അസ്ഥികളുടെ ധവളിമ. രോഗം അവളെ കൊന്നുകൊണ്ടിരിക്കുന്നു. പനിപിടിച്ച അവളുടെ ചുണ്ടുകൾ വരണ്ടിരിക്കുന്നു. കണ്ഠവും കൺപോളകളും എരിഞ്ഞു കത്തുന്നു. ചെവികൾ പൊള്ളുന്നു. ചീകിയൊതുക്കാതെ തലയിണയിൽ ഒഴുകിയ അവളുടെ വയ്ക്കോൽ നിറത്തിലുള്ള മുടി കാപ്പിവർണ്ണമായി തോന്നി. പണ്ട് അവളുടെ കോലൻ മുടി അച്ചടക്കത്തോടെ കിടന്നിരുന്നു. എന്നാൽ, രോഗാതുരതയിൽ, ഒളിഞ്ഞിരുന്ന ഒരു വന്യഭാവം തലനീട്ടുന്നു. ജടപിടിച്ചു കുരുങ്ങി വീണുകിടക്കുന്നു. കിടക്കവിരിപ്പിൽ നിമജ്ജനം ചെയ്ത് അത് തളർന്നു പടർന്നിരിക്കുന്നു. ഞങ്ങളുടെ തോട്ടത്തിൽ നിന്നും അറുത്തെടുത്ത വയലെറ്റു പുഷ്പവും മരിഗോൾഡ് പുഷ്പവും ഞാൻ അവൾക്കു കൊടുത്തു. അപ്പോൾ ഇരുകൈകളും അദ്ധ്വാനത്തോടെ തോളിൽ മുറുക്കി എഴുന്നേൽക്കാൻ ക്ലേശിച്ച അവളുടെ നെറ്റിയിൽ പിരിമുറുക്കത്തിന്റെ ചുളിവുകളായിരുന്നു. കുറച്ചുനേരം കഴിഞ്ഞ് ആ ശ്രമം ഉപേക്ഷിച്ച് അവൾ തളർന്നുവീണു. കട്ടിലിന്നടുത്തുള്ള മേശയിൽ ഡിജിറ്റൽ ക്ലോക്കിന്നരികെ ഞാൻ ആ പൂവുകൾ വെച്ചു. മേശമേലുള്ള ടിഷ്യുബോക്സിനടുത്ത്

പച്ചകലർന്ന ഓറഞ്ചു നിറത്തിലുള്ള മത്സ്യചിത്രം വരഞ്ഞിരുന്ന ഗ്ലാസ്സിൽ വെള്ളം വെച്ചിരുന്നു. ഞാൻ ആ ഗ്ലാസ്സ് അവളുടെ വായിൽ വെച്ചപ്പോൾ സാഹസികതയോടെ അവൾ ആർത്തിയിൽ കുടിച്ചു. പെട്ടെന്ന്, അവൾ തല മറുവശത്തേക്കു തിരിച്ചു. ഒരു മുറിവെന്നപോലെ വെള്ളം അവളുടെ മുഖത്ത് തെന്നിത്തെറിച്ചു. ഞാൻ ടിഷ്യുകൊണ്ട് അവളുടെ ഉണങ്ങിയ തുകൽപോലെ വരണ്ടിരുന്ന ചുണ്ടുകൾ തുടച്ചുകൊടുത്തു. ചുട്ടുപൊള്ളുന്ന അവളുടെ വെള്ളാമിച്ച കൈത്തണ്ടകളും എല്ലായിത്തീർന്ന കവിളുകളും ഞാൻ തടവിക്കൊടുത്തു. ജ്വരബാധിതമായ അവളുടെ കൺപോളകൾക്കടിയിൽ വലിയ കണ്ണുകൾ തിളങ്ങി. എനിക്ക് എന്റെ പത്താമത്തെ ഭാര്യയെ സമാശ്വസിപ്പിക്കണമെന്നുണ്ട്. എന്റെ ശ്രദ്ധ മുഴുവൻ കോരിച്ചൊരിയണമെന്നുണ്ട്. അവളുടെ കട്ടിലിന്നരികെയുള്ള കസേരയിൽ ഇരിക്കാമെന്നല്ലാതെ എനിക്ക് വേറെ എന്തു ചെയ്യാൻ കഴിയും. ഇരുൾ മുറ്റിയ, പ്രപഞ്ചത്തിൽ നിന്നും വേറിട്ടു നിൽക്കുന്ന ഈ ലോകത്ത് അമിതമായ അരോഗാവസ്ഥയാണ് എനിക്ക് അനുഭവപ്പെടുന്നത്. അവിച്ഛേദമായി പ്രവഹിക്കുന്ന രൂക്ഷമായ ശബ്ദം പോലെ പൌരുഷം അസ്സഹനീയമായി എന്നിൽ ആഞ്ഞുവീശുന്നു. എന്തു ചെയ്യും? അവളുടെ രോഗാവസ്ഥ എന്നെ നിരോധിക്കുന്നു. അവൾക്ക് ആരോഗ്യവതിയായിരിക്കാൻ കഴിയാത്തതുകൊണ്ട് എനിക്ക് രോഗാതുരനാവേണ്ടതുണ്ട്. പതുക്കെ കുനിഞ്ഞുകൊണ്ട് അവളുടെ പൊള്ളുന്ന വരണ്ട വായിൽ ഞാൻ ഉമ്മവെച്ചു. അവളുടെ ചൂടുള്ള രോഗാണുക്കൾ ശ്വസിക്കാൻ ഞാൻ ഇച്ഛിച്ചു. അവളുടെ ജ്വരാവസ്ഥ പാനം ചെയ്യാനും, മസാല ചേർത്ത ചുടുവീഞ്ഞുപോലെ അവളുടെ ദീനം എന്റെ ഉള്ളിൽ പ്രദീപ്തമാക്കി അടുത്തറിയാനും ഞാൻ മോഹിച്ചു. കിടക്കവിരിപ്പിന്റെ അഴുകിയ മണം പുറന്തള്ളി ഞാൻ സമർത്ഥമായി കനത്ത വിരിപ്പിനുള്ളിൽ തെന്നിക്കയറി. തൊണ്ട ചെറുതായൊന്ന് നോവുന്നപോലെ എനിക്കു തോന്നി. എന്റെ നെറ്റി പൊള്ളുന്ന പോലെ. ഇതെല്ലാം ഭാവനയാണോ, അതോ, എന്റെ കൈ വെള്ളാമിക്കാൻ തുടങ്ങിയോ? ഞാൻ അവളെ കണ്ടെത്തും. അവസാനം ഞാൻ അവളുടെ ദേശത്ത് അവളുമായി കൂടിച്ചേരും. ആസക്തിയോടെ, ഉറ്റുനോക്കുന്ന അവളെ ഞാൻ കണ്ടുമുട്ടുന്നു. ഒരു അരുവിയിൽ മുന്നറിയിപ്പില്ലാതെ എത്തുന്ന മൃഗത്തെയെന്നപോലെ, തളർന്നു മിന്നുന്ന അവളുടെ കണ്ണുകൾ എന്നെ തുറിച്ചുനോക്കുന്നു.

## 11

പണി ചെയ്തു കിട്ടേണ്ട ആവശ്യം വരുമ്പോൾ, ഒരു നിമിഷം പോലും കാര്യങ്ങൾ നീട്ടി വെക്കാനാകാതെ വരുമ്പോൾ, ഞാൻ എന്റെ പതിനൊന്നാമത്തെ ഭാര്യയെ സമീപിക്കും. എന്താണ് ചെയ്യേണ്ടതെന്ന് അവൾക്ക് കൃത്യമായി അറിയാം. പല്ലുകൾക്കിടയിൽ നിന്നും പാത്തിക്കുള്ള ആണി വലിച്ചൂരി, നീലാകാശത്ത് ചുറ്റിക ഉയർത്തി, കോണിയിൽ കയറിനിന്ന് അയഞ്ഞു തുടങ്ങിയ പാത്തി മുറുക്കി യഥാസ്ഥാനത്തു വെക്കുന്നത് അവളാണ്. താഴെ പുൽത്തകിടിയിൽ കോണിയുടെ പാർശ്വങ്ങൾ ഇരു കൈകൾകൊണ്ടും ഞാൻ ഉറപ്പിച്ചുപിടിക്കും. പൊടി തടയാനുള്ള മുഖംമൂടിയും സുരക്ഷാക്കണ്ണടയും ധരിച്ച് ഉത്തരത്തിലൂടെ വളഞ്ഞ് എലെക്ട്രിക് സേൻഡർകൊണ്ട് പൂമുഖത്തെ പെയിന്റ് ചുരണ്ടിക്കളയുന്നത് അവളാണ്. അവൾ, താഴത്തെ നിലയിലെ ഗോവണിക്കു മുകളിലെ പൊട്ടിപ്പൊളിഞ്ഞ തട്ടിന്റെ അറ്റകുറ്റപണികൾ തീർക്കും. രണ്ടാം നിലയിലെ ജനലിന്റെ ചട്ടക്കൂട്ടിന്നിടയിലെ പഴുതുകൾ അടയ്ക്കുന്നതും അവൾത്തന്നെ. അവൾ മേപ്പുരത്താഴ്‌വാരങ്ങളിലെ ചെമ്പുതകിടുകൾ മാറ്റിപ്പിടിക്കും. പൂമുഖത്തെ ജീർണ്ണിക്കാൻ തുടങ്ങിയ തൂണുകൾ മാറ്റിവെക്കുന്നതും അവളാണ്. പെയിന്റ് പാത്രം പിടിച്ചോ, ഡ്രിൽ ബിറ്റും പുട്ടിബ്ലേഡും കൊടുത്തോ ഞാൻ ഒപ്പമുണ്ടാകും. ഞാൻ ഐസുവെള്ളം വലിയ ഗ്ലാസ്സിൽ കൊടുക്കുമ്പോൾ അവൾ തല കീഴോട്ടാഞ്ഞ് അത് ആർത്തിയോടെ കുടിക്കും. വെയിൽ നിപതിക്കുന്ന മേപ്പുരച്ചായ്വുകളിലൂടെ ഇഴഞ്ഞും മുകളിലെ ജനലുകളിൽ ചാഞ്ഞുചെരിഞ്ഞും അവൾ പണിചെയ്യുന്നത് വീടിന്റെ ഒരു ഭാഗത്ത് തണലിൽനിന്ന് ഞാൻ നോക്കും. പണിയായുധങ്ങൾ അവളുടെ ശരീരത്തിൽ രത്നങ്ങൾ പോലെ തിളങ്ങും. അവളുടെ വിവസ്ത്രമായ കൈത്തണ്ടകൾ ഊർജ്ജസ്വലമായി തുടിക്കും. ഒരിക്കൽ ജോലി തുടങ്ങിയാൽ അവൾക്ക് നിറുത്താൻ പ്രയാസമാണ്. രാത്രിയിൽ അവൾ മേപ്പുരയിൽ ചുറ്റിക ചുഴറ്റുന്ന ശബ്ദം ഞാൻ കേൾക്കും. പ്രഭാതത്തിൽ എന്റെ കിടപ്പുമുറിയിലെ അല്പം തുറന്ന തിരശ്ശീലയിലൂടെ കോണിപ്പടിയും അവളുടെ കണങ്കാലും ഞാൻ കാണും. ചിലപ്പോൾ എന്റെ വാതിൽ തുറന്ന് ഇരുട്ടിൽ രാവിന്റെ മുഴക്കമായി അവൾ വരും. ചെവിയുടെ പിറകിലൂടെ ഒരു സ്ക്രൂഡ്രൈവർ എടുക്കും. അവളുടെ മുടിയിൽ നിന്നും പരവതാനിയുടെ മുള്ളാണികൾ വീഴും. അവളുടെ കാര്യക്ഷമത; അവളുടെ ചുറുചുറുക്ക്. അതിനുശേഷം ഉറക്കച്ചടവാർന്ന കണ്ണുകളോടെ എന്റെ തല അവളുടെ തോളിൽ ചായ്ക്കാൻ മോഹിച്ച് തിരിക്കുമ്പോൾ, ഒരു ലോഹടേപ്പ് എടുത്ത് അവൾ ഉയരം അളന്നു തിട്ടപ്പെടുത്തുന്നു. ചുമരിന്മേൽ തട്ടുകൾ സ്ക്രൂ ചെയ്യുന്നു. അലമാരി വലിപ്പുകൾ തീർക്കാൻ 2X4 അളവിലുള്ള തട്ടുകൾ വീശിയെടുക്കുന്നു.

***(Copyright © 2013 by Steven Millhauser***
***Reprinted by permission of ICM Partners)***
****************************************************************************************************

മുൻഭാഗങ്ങൾക്കുള്ള  ലിങ്കുകൾ:

ഭാഗം  1:

https://joychenputhukulam.com/newsMore.php?newsId=71772&content=%E0%B4%AA%E0%B4%A4%E0%B4%BF%E0%B4%AE%E0%B5%82%
E0%B4%A8%E0%B5%8D%E0%B4%A8%E0%B5%81%E0%B4%AD%E0%B4%BE%E0%B4%B0%E0%B5%8D%E0%B4%AF%E0%B4%AE
%E0%B4%BE%E0%B4%B0%E0%B5%8D%E2%80%8D_-
_%E0%B4%B8%E0%B5%8D%E0%B4%B1%E0%B5%8D%E0%B4%B1%E0%B5%80%E0%B4%B5%E0%B5%86%E0%B4%A8%E0%B5%8D
%E2%80%8D_%E0%B4%AE%E0%B4%BF%E0%B4%B2%E0%B5%8D%E2%80%8D%E0%B4%B9%E0%B5%97%E0%B4%B8%E0%B5%86
%E0%B4%B0%E0%B5%8D%E2%80%8D_(%E0%B4%B5%E0%B4%BF%E0%B4%B5%E0%B4%B0%E0%B5%8D%E2%80%8D%E0%B4%A
4%E0%B5%8D%E0%B4%A4%E0%B4%A8%E0%B4%82

ഭാഗം  2:

https://joychenputhukulam.com/newsMore.php?newsId=71810&content=%E0%B4%AA%E0%B4%A4%E0%B4%BF%E0%B4%AE%
E0%B5%82%E0%B4%A8%E0%B5%8D%E0%B4%A8%E0%B5%81_%E0%B4%AD%E0%B4%BE%E0%B4%B0%E0%B5%8D%E
0%B4%AF%E0%B4%AE%E0%B4%BE%E0%B4%B0%E0%B5%8D%E2%80%8D_-
_%E0%B4%B8%E0%B5%8D%E0%B4%B1%E0%B5%8D%E0%B4%B1%E0%B5%80%E0%B4%B5%E0%B5%86%E0%B4%A8%
E0%B5%8D%E2%80%8D_%E0%B4%AE%E0%B4%BF%E0%B4%B2%E0%B5%8D%E2%80%8D%E0%B4%B9%E0%B5%97%E
0%B4%B8%E0%B4%B0%E0%B5%8D%E2%80%8D_(%E0%B4%B5%E0%B4%BF%E0%B4%B5%E0%B4%B0%E0%B5%8D%E
2%80%8D%E0%B4%A4%E0%B5%8D%E0%B4%A4%E0%B4%A8%E0%B4%82_%E0%B4%AD%E0%B4%BE%E0%B4%97%E
0%B4%82-
2:_%E0%B4%AA%E0%B5%8D%E0%B4%B0%E0%B5%86%E0%B4%BE%E0%B4%AB%E0%B4%B8%E0%B5%8D%E0%B4%B
8%E0%B4%B0%E0%B5%8D%E2%80%8D_%E0%B4%95%E0%B5%81%E0%B4%9E%E0%B5%8D%E0%B4%9E%E0%B4%BE
%E0%B4%AA%E0%B5%8D%E0%B4%AA%E0%B5%81,_D.Sc.,_Ph.D.)

ഭാഗം  3:

https://joychenputhukulam.com/newsMore.php?newsId=71850&content=%E0%B4%AA%E0%B4%A4%E0%B4%BF%E0%B4%AE%
E0%B5%82%E0%B4%A8%E0%B5%8D%E0%B4%A8%E0%B5%81_%E0%B4%AD%E0%B4%BE%E0%B4%B0%E0%B5%8D%E
0%B4%AF%E0%B4%AE%E0%B4%BE%E0%B4%B0%E0%B5%8D%E2%80%8D_-
_%E0%B4%B8%E0%B5%8D%E0%B4%B1%E0%B5%8D%E0%B4%B1%E0%B5%80%E0%B4%B5%E0%B5%86%E0%B4%A8%
E0%B5%8D%E2%80%8D_%E0%B4%AE%E0%B4%BF%E0%B4%B2%E0%B5%8D%E2%80%8D%E0%B4%B9%E0%B5%97%E
0%B4%B8%E0%B5%86%E0%B4%B0%E0%B5%8D%E2%80%8D_(%E0%B4%B5%E0%B4%BF%E0%B4%B5%E0%B4%B0%E0

%B5%8D%E2%80%8D%E0%B4%A4%E0%B5%8D%E0%B4%A4%E0%B4%A8%E0%B4%82_%E0%B4%AD%E0%B4%BE%E0
%B4%97%E0%B4%82_3:_%E0%B4%AA%E0%B5%8D%E0%B4%B0%E0%B5%86%E0%B4%BE%E0%B4%AB%E0%B4%B8%E
0%B5%8D%E0%B4%B8%E0%B4%B0%E0%B5%8D%E2%80%8D_%E0%B4%95%E0%B5%81%E0%B4%9E%E0%B5%8D%E0
%B4%9E%E0%B4%BE%E0%B4%AA%E0%B5%8D%E0%B4%AA%E0%B5%81,_D.Sc.,_Ph.D.)

ഭാഗം 4:

https://joychenputhukulam.com/newsMore.php?newsId=71918&content=%E0%B4%AA%E0%B4%A4%E0%B4%BF%E0
%B4%AE%E0%B5%82%E0%B4%A8%E0%B5%8D%E0%B4%A8%E0%B5%81_%E0%B4%AD%E0%B4
%BE%E0%B4%B0%E0%B5%8D%E0%B4%AF%E0%B4%AE%E0%B4%BE%E0%B4%B0%E0%B5%8D%E
2%80%8D_(%E0%B4%B8%E0%B5%8D%E0%B4%B1%E0%B5%8D%E0%B4%B1%E0%B5%80%E0%
B4%B5%E0%B5%86%E0%B4%A8%E0%B5%8D%E2%80%8D_%E0%B4%AE%E0%B4%BF%E0%B4%B
2%E0%B5%8D%E2%80%8D%E0%B4%B9%E0%B5%97%E0%B4%B8%E0%B5%86%E0%B4%B0%
E0%B5%8D%E2%80%8D-
_%E0%B4%B5%E0%B4%BF%E0%B4%B5%E0%B4%B0%E0%B5%8D%E2%80%8D%E0%B4%A4%E0
%B5%8D%E0%B4%A4%E0%B4%A8%E0%B4%82